ഉത്തരം

(എ ആന്റ് ബി) 2002 ആഗസ്റ്റ് ഒന്നാം തീയതി മുതൽ രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാ സ്റ്റേജ് കാര്യേജുകൾക്കും എമർജൻസി വാതിൽ ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അപകടത്തിൽപ്പെടുന്ന വാഹനങ്ങളിൽ നിന്നും യാത്രക്കാർക്ക് രക്ഷപ്പെടുന്നതിനും പുറമെനിന്ന് പോലീസിനോ ഫയർഫോഴ്സിനോ രക്ഷാപ്രവർത്തകർക്കോ ബസ്സിനുള്ളിൽ കടന്ന് യാത്രക്കാരെ രക്ഷപ്പെടുത്തുന്നതിനും വേണ്ടിയാണ് എമർജൻസി വാതിലുകൾ ഘടിപ്പിക്കുവാൻ തീരുമാനിച്ചത്.

(ഡി) 2002 ആഗസ്റ്റ് ഒന്നാം തീയതിക്ക് മുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വാഹനങ്ങൾ അവയുടെ ബോഡി എപ്പോഴെങ്കിലും പുതുക്കിപ്പണിയുമ്പോൾ എമർജൻസി വാതിലുകൾ ഘടിപ്പിക്കണമെന്നാണ് ഉത്തരവായിട്ടുള്ളത്.

ബസ്സുകളുടെ ഫുട്ബോർഡിന്റെ ഉയരക്കൂടുതൽമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

63 [498] ശ്രീ. കെ. പി. വിശ്വനാഥൻ:
,, എം. മുരളി:
,, ഇ. എം. അഗസ്തി:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേജ് കാര്യേജുകളുടെ ഫുട്ബോർഡ് തറയിൽ നിന്നും എത്ര ഉയരത്തിലായിരിക്കണമെന്ന് എന്തെങ്കിലും നിയമവ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് പറയുമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളുടേയും സ്വകാര്യ ബസ്സുകളുടേയും ഫുട്ബോർഡ് ആയാസം കൂടാതെ വണ്ടിയിൽ കയറിപ്പറ്റത്തക്കവിധമുള്ള ഉയരത്തിലാണോ നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) മിക്ക സ്റ്റേജ് കാര്യേജുകളുടേയും ഫുട്ബോർഡ് തറയിൽനിന്ന് വളരെ ഉയരത്തിലായതിനാൽ യാത്രക്കാർക്ക് കയറാനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് സ്റ്റേജുകാര്യേജുകളുടെ ഫുട്ബോർഡിന്റെ ഉയരം കുറയ്ക്കുവാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. യാത്രക്കാരില്ലാത്ത അവസ്ഥയിൽ തറനിരപ്പിൽ നിന്നും ഇരുപത്തി യഞ്ച് സെ. മീ. ഉയരത്തിൽ കുറയാതെയും നാൽപ്പത് സെ.മീ. ഉയരത്തിൽ കൂടാതെയു മായിരിക്കണം ഏറ്റവും താഴെയുള്ള ചവിട്ടുപടി ക്രമീകരിക്കേണ്ടത്.

(ബി ആന്റ് സി) കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള സ്റ്റേജുകാര്യേജുകൾ രജിസ്ട്രേഷനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നതിനും ഹാജരാക്കുമ്പോൾ മേൽപ്പ റഞ്ഞ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ട്. എന്നാൽ ചില സ്റ്റേജ് കാര്യേജുകൾ രജിസ്ട്രേഷനും ഫിറ്റ്നസ് സർട്ടിഫിക്കറ്റും വാങ്ങിയതിനുശേഷം ചില മാറ്റങ്ങൾ വരുത്തുന്നതുകൊണ്ടാണ് ചവിട്ടുപടി ക്രമീകരണത്തെ സംബന്ധിച്ച് പരാതികൾ ഉണ്ടാകുന്നത്. പുതിയ ബസ്സുകൾ രജിസ്ട്രേഷന് ഹാജരാക്കുമ്പോൾ നിയമാനുസൃതമല്ലാതെ ചവിട്ടുപടികൾ നിർമ്മിച്ചിട്ടുള്ളവയ്ക്ക് യാതൊരു കാരണ വശാലും രജിസ്ട്രേഷൻ നൽകരുതെന്നും നിലവിലുള്ള ബസ്സുകളുടെ ഫിറ്റ്നസ് പരി ശോധിക്കുമ്പോൾ ഇക്കാര്യം കർശനമായി പാലിക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്തണ മെന്നും എല്ലാ ആർ. ടി. ഒ.-മാർക്കും സർക്കാർ ഇതിനകംതന്നെ നിർദ്ദേശം നൽകിയി ട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം

64 [499] ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത്കോയ:

,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കെ.എസ്.ആർ.ടി.സി. പുതുതായി ബസ് വാങ്ങി പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ വർഷം എത്ര പുതിയ ബസ്സുകൾ വാങ്ങാനു ദ്ദേശിക്കുന്നു;

(ബി) നിലവിലുള്ള റൂട്ടുകളിലെല്ലാം കൃത്യമായി സർവ്വീസ് നടത്തുന്നതിന് ഇനിയും എത്ര ബസുകളുടെ ആവശ്യമുണ്ട്;

(സി) കെ. എസ്. ആർ. ടി. സി.-ക്ക് സ്വന്തമായി ബസുകൾക്ക് ബോഡി നിർമ്മിക്കാനുള്ള സംവിധാനം ഉണ്ടോ; നിലവിലുള്ള സംവിധാനം പൂർണ്ണമായി പ്രയോ ജനപ്പെടുത്തിയാൽ പ്രതിവർഷം എത്ര ബസ്സുകൾക്ക് ബോഡി നിർമ്മിക്കുവാൻ കഴിയും;

LIBRARY ARCHIVES Kerala Legislative Assembly